

# ഖുർആൻ ബോധനം

**666**

**I എ.വൈ.ആർ**

### സൂറ-16

# അന്നഹ്ൽ

مَن كَفَرَ بِٱللَّهِ مِنۢ بَعْدِ إِيمَٰنِهِۦٓ إِلَّا مَنْ أُكْرِهَ وَقَلْبُهُۥ مُطْمَئِنٌّۢ
بِٱلْإِيمَٰنِ وَلَٰكِن مَّن شَرَحَ بِٱلْكُفْرِ صَدْرًا فَعَلَيْهِمْ غَضَبٌ مِّنَ
ٱللَّهِ وَلَهُمْ عَذَابٌ عَظِيمٌ ﴿١٠٦﴾

ذَٰلِكَ بِأَنَّهُمُ ٱسْتَحَبُّوا۟ ٱلْحَيَوٰةَ ٱلدُّنْيَا عَلَى ٱلْـَٔاخِرَةِ وَأَنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ
ٱلْكَٰفِرِينَ ﴿١٠٧﴾
أُو۟لَٰٓئِكَ ٱلَّذِينَ طَبَعَ ٱللَّهُ عَلَىٰ قُلُوبِهِمْ وَسَمْعِهِمْ وَأَبْصَٰرِهِمْ ۖ وَأُو۟لَٰٓئِكَ هُمُ
ٱلْغَٰفِلُونَ ﴿١٠٨﴾
لَا جَرَمَ أَنَّهُمْ فِى ٱلْـَٔاخِرَةِ هُمُ ٱلْخَٰسِرُونَ ﴿١٠٩﴾

**106.** ഒരുവൻ സത്യവിശ്വാസം കൈക്കൊണ്ടശേഷം അല്ലാഹുവിനെ നിഷേധിച്ചാൽ, മനസ്സിൽ സത്യവിശ്വാസം രൂഢമായിരിക്കെ ബലാൽക്കാരം അതിനു നിർബന്ധിക്കപ്പെട്ടതാണെങ്കിൽ ഇളവുണ്ട്. എന്നാൽ തുറന്ന മനസ്സോടെ സത്യനിഷേധം സ്വീകരിച്ചാൽ അവൻ ദൈവകോപത്തിനിരയാകുന്നു. അത്തരക്കാർക്കൊക്കെയും പരലോകത്ത് ഭയാനകമായ ശിക്ഷയുണ്ട്.
**107.** അവർ ഭൗതിക ജീവിതത്തെ പരലോക ജീവിതത്തെക്കാൾ പ്രേമിച്ചതുകൊണ്ടാണത്. മനപൂർവം സത്യം നിഷേധിക്കുന്നവർക്ക് രക്ഷാസരണികാണിച്ചു കൊടുക്കാതിരിക്കുക അല്ലാഹുവിന്റെ ചര്യയാകുന്നു.
**108.** അല്ലാഹു മനസ്സുകളും കാതുകളും കണ്ണുകളും അടച്ചുപൂട്ടിയിട്ടുള്ളവരാണവർ. അവർ തന്നെയാകുന്നു പ്രജ്ഞാശൂന്യതയിലാണ്ടുപോയവർ.
**109.** നിസ്സംശയം പരലോകത്തു മഹാനഷ്ടമനുഭവിക്കുന്നവരും അവർ തന്നെയാകുന്നു.

مَن كَفَرَ بِٱللَّهِ= ഒരുവൻ അല്ലാഹുവിനെ നിഷേധിച്ചാൽ مِنۢ بَعْدِ إِيمَٰنِهِۦ= അവന്റെ വിശ്വാസത്തിന്(വിശ്വാസം കൈക്കൊണ്ട) ശേഷം
إِلَّا مَنْ أُكْرِهَ= നിർബന്ധിക്കപ്പെട്ടവൻ ഒഴിച്ച്(ബലാൽക്കാരം അതിനു നിർബന്ധിക്കപ്പെട്ടതാണെങ്കിൽ ഇളവുണ്ട്)
وَقَلْبُهُۥ= അവന്റെ മനസ്സ്(സ്സിൽ) مُطْمَئِنٌّۢ= തൃപ്തിപ്പെട്ടത്, സമാധാനം പ്രാപിച്ചത്(രൂഢമൂലം) ആയിരിക്കെ
بِٱلْإِيمَٰنِ= ഈമാൻകൊണ്ട്(സത്യവിശ്വാസം) وَلَٰكِن= എന്നാൽ, പക്ഷേ
مَّن شَرَحَ بِٱلْكُفْرِ صَدْرًا= ഒരുവൻ കുഫ്റിന് മാറിടം വിശാലമാക്കിയാൽ(തുറന്ന മനസ്സോടെ സത്യനിഷേധം സ്വീകരിച്ചാൽ)
فَعَلَيْهِمْ= അപ്പോൾ അവന്റെ മേൽ ഉണ്ട്(അവർ ഇരയാകുന്നു) غَضَبٌ مِّنَ ٱللَّهِ= അല്ലാഹുവിങ്കൽനിന്നുള്ള കോപം(ദൈവകോപത്തിന്)
وَلَهُمْ عَذَابٌ عَظِيمٌ= അവർക്ക് ഭയാനകമായ ശിക്ഷയുമുണ്ട് ذَٰلِكَ= അത് എന്തുകൊണ്ടെന്നാൽ
بِأَنَّهُمُ ٱسْتَحَبُّوا۟= അവർ പ്രേമിച്ചതുകൊണ്ടാകുന്നു ٱلْحَيَوٰةَ ٱلدُّنْيَا= ഐഹിക ജീവിതത്തെ عَلَى ٱلْـَٔاخِرَةِ= പരലോക(ജീവിത)ത്തെക്കാൾ
وَأَنَّ ٱللَّهَ= തീർച്ചയായും അല്ലാഹു(വിന്റെ ചര്യയാകുന്നു) لَا يَهْدِى= അവൻ രക്ഷാമാർഗം കാണിച്ചുകൊടുക്കുന്നില്ല(ടുക്കാതിരിക്കുക)

ٱلْقَوْمَ ٱلْكَٰفِرِينَ= (മനപൂർവം) സത്യത്തെ നിഷേധിക്കുന്ന ജനത്തിന് أُوْلَٰٓئِكَ= അവരാകുന്നു

ٱلَّذِينَ طَبَعَ ٱللَّهُ= (ട്ടിയിട്ടുള്ളവർ) അല്ലാഹു അടച്ചു പൂട്ടിയിരിക്കുന്നു عَلَىٰ قُلُوبِهِمْ وَسَمْعِهِمْ وَأَبْصَٰرِهِمْ= അവരുടെ മനസ്സുകളും കാതുകളും കണ്ണുകളും

وَأُوْلَٰٓئِكَ هُمُ= അവർ തന്നെയാകുന്നു ٱلْغَٰفِلُونَ= അശ്രദ്ധർ(പ്രജ്ഞാ ശൂന്യതയിലാണ്ടു പോയവർ)

لَا جَرَمَ= സത്യമായും, നിസ്സംശയം أَنَّهُمْ= തീർച്ചയായും അവർ فِى ٱلْءَاخِرَةِ= പരലോകത്തിൽ

هُمُ= അവർ തന്നെയാകുന്നു ٱلْخَٰسِرُونَ= നഷ്ടപ്പെടുന്നവർ(മഹാനഷ്ടമനുഭവിക്കുന്നവർ)

**106.** തുടർന്ന് പ്രഭാഷണമുഖം വിശ്വാസികളിലേക്കു തിരിയുകയാണ്. ഇസ്‌ലാം സ്വീകരിക്കുന്നതിലൂടെ അല്ലാഹുവിനോടും അവന്റെ ദൂതനോടും ചെയ്യുന്നതടക്കമുള്ള എല്ലാ കരാറുകളും പ്രതിജ്ഞകളും യഥാവിധി പാലിക്കേണ്ടതാണെന്നും ക്ഷണിക ലാഭങ്ങൾ മോഹിച്ച് കരാറുകൾ ലംഘിക്കുന്നത് വൻ കുറ്റമാണെന്നും നേരത്തെ പ്രസ്താവിച്ചിരുന്നുവല്ലോ. അതിനനുബന്ധമായി പറയുകയാണ്; സത്യത്തിന്റെ മാർഗത്തിൽ സഞ്ചരിക്കുമ്പോൾ ത്യാഗങ്ങളനുഷ്ഠിക്കേണ്ടതായും ക്ലേശങ്ങൾ സഹിക്കേണ്ടതായും വരും. അതെല്ലാം ക്ഷമയോടെ തരണം ചെയ്ത് ആദർശത്തിലുറച്ചു നിൽക്കുന്നവരാണ് യഥാർഥ സത്യവിശ്വാസികൾ. ചില സന്ദർഭങ്ങളിൽ ദുസ്സഹമായ മർദന പീഡനങ്ങൾക്കിരയായെന്നും വരും. അപ്പോൾ ഇസ്‌ലാമിൽ നിന്നു പിന്മാറിയതായി പ്രഖ്യാപിക്കുകയോ പ്രവാചകനെ തള്ളിപ്പറയുകയോ അല്ലാതെ രക്ഷപ്പെടാൻ വേറെ മാർഗമൊന്നും കണ്ടില്ലെന്നും വരാം. ഇത്തരം സന്ദർഭത്തിൽ ആത്മരക്ഷാർഥം അപ്രകാരം ചെയ്യാവുന്നതാണ്. പക്ഷേ, തൽക്കാലം രക്ഷപ്പെടാനവലംബിക്കുന്ന ഒരു തന്ത്രമായിട്ടു മാത്രമായിരിക്കണം അതു ചെയ്യുന്നത്. മനസ്സിൽ സത്യവിശ്വാസം രൂഢമൂലമായിത്തന്നെ നിൽക്കണം. قَلْبُهُۥ مُطْمَئِنٌّۢ بِٱلْإِيمَٰنِ എന്നാണ് മൂലവാക്യം. طُمَأنِينَة ൽനിന്നുള്ള കർതൃപദമാണ് مُطْمَئِنٌّۢ. മനസ്സിന്റെ പ്രശാന്തവും അചഞ്ചലവുമായ അവസ്ഥയാണ് മൗലികമായ അർഥത്തിൽ طُمَأنِينَة . മനശ്ശാന്തി, ദൃഢവിശ്വാസം, നിശ്ചലത, അടക്കം, ആത്മവിശ്വാസം, മനസ്സംതൃപ്തി, രക്ഷാബോധം തുടങ്ങിയ അർഥങ്ങളിലെല്ലാം ഇതുപയോഗിക്കുന്നു. മനസ്സിനകത്ത് ദീനുൽ ഇസ്‌ലാമിനോട്, അല്ലെങ്കിൽ അല്ലാഹുവിനോടും റസൂലിനോടും ഉള്ള കൂറും വിശ്വാസവും അചഞ്ചലമായി നിലനിർത്തിക്കൊണ്ട് ആത്മരക്ഷാർഥം താൽക്കാലികമായി ദൈവനിഷേധിയോ മതനിഷേധിയോ ചമയുന്നത് കുറ്റകരമാകുന്നില്ല. അതൊരു താൽക്കാലിക നടപടി മാത്രമായിരിക്കണം. ആത്മരക്ഷ നേടിക്കഴിഞ്ഞാൽ ആ നിലപാടിൽ നിന്നുമാറേണ്ടതുണ്ട്. കുഫ്റിന്റെ വചനങ്ങളുരുവിട്ട് രക്ഷപ്പെടുമ്പോഴും സ്വന്തം ആദർശം പരസ്യമാക്കി തദനുസാരം ജീവിക്കാനുതകുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനെക്കുറിച്ചാലോചിക്കേണ്ടതും ആ വഴിക്കു കഴിയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതും വിശ്വാസിയുടെ ബാധ്യതയാകുന്നു. അതിനൊന്നും യാതൊരു പഴുതുമില്ലെന്നും ആ സമൂഹത്തിൽ സ്വന്തം വിശ്വാസം പ്രത്യക്ഷപ്പെടുത്തി ജീവിക്കുക അസാധ്യമാണെന്നും കാണുമ്പോൾ ആദർശോചിത ജീവിതം സാധ്യമാകുന്ന സ്ഥലം തേടി ഹിജ്റ ചെയ്യണം.

എന്നാൽ സത്യനിഷേധികളിൽനിന്ന് ഭീഷണിയും പീഡനവും ഉണ്ടാകുമെന്ന് കാണുമ്പോഴേക്കും അല്ലാഹുവിനെയും റസൂലിനെയുമൊക്കെ വിസ്മരിച്ച് ദൈവധിക്കാരികളാവശ്യപ്പെടുന്ന വിശ്വാസങ്ങളും ആചാരങ്ങളും തുറന്ന മനസ്സോടെ സ്വീകരിക്കാൻ തയാറാകുന്നത് അല്ലാഹുവിന്റെ കോപത്തിനിരയാക്കുന്ന കൊടിയ കുറ്റമാകുന്നു. ഒരാൾ ഒരിക്കൽ ഇസ്‌ലാം സ്വീകരിച്ചു എന്നത് ഇസ്‌ലാമിന്റെ തത്ത്വങ്ങളുടെയും നിയമങ്ങളുടെയും സത്യതയും സാധുതയും അയാൾക്ക് വ്യക്തമായി ബോധ്യമായിക്കഴിഞ്ഞിരിക്കുന്നു എന്നതിന്റെ തെളിവാകുന്നു. അനന്തരം ആത്മരക്ഷാർഥം വല്ലപ്പോഴും താൽക്കാലികമായി കുഫ്റ് പ്രകടിപ്പിച്ചേക്കാമെങ്കിലും ഇസ്‌ലാമിനെ സമ്പൂർണമായും ശാശ്വതമായും കൈയൊഴിഞ്ഞ് കുഫ്റിലേക്കു മടങ്ങാൻ യാതൊരു പഴുതുമില്ല. അത്തരക്കാർക്ക് അല്ലാഹു അതിഭയങ്കരമായ ശിക്ഷയാണ് ഒരുക്കിവെച്ചിട്ടുള്ളത്.

ഉത്തരേന്ത്യയിലെ വർഗീയ കലാപങ്ങളിൽ മുസ്‌ലിംകൾക്ക് ചിലപ്പോൾ ശത്രുക്കളുടെ വാൾത്തലപ്പുകളിൽനിന്നും കുന്തമുനകളിൽനിന്നും ജീവൻ രക്ഷിക്കാൻ വിഗ്രഹഭക്തരായി ചമയുകയും ജയ് ശ്രീറാം– ജയ് ശ്രീകൃഷ്ണ വിളികൾ മുഴക്കുകയും ചെയ്യേണ്ടി വരാറുണ്ട്. ലഹള ശമിച്ചാൽ അവർ പൂർവ സ്ഥിതിയിലേക്ക് മടങ്ങുന്നു. അതിനു കഴിയാത്തവർ സമാധാന ജീവിതം തേടി മറ്റു സ്ഥലങ്ങളിലേക്കു പലായനം ചെയ്യുന്നു. ചുരുക്കം ചിലർ സുരക്ഷിതവും സുഭിക്ഷവുമായ ഭൗതിക ജീവിതം കാംക്ഷിച്ച് ഇസ്‌ലാമിനെ പൂർണമായി കൈയൊഴിച്ച് കുഫ്റിൽ തന്നെ തുടരുന്നു. അത്തരക്കാരെക്കുറിച്ചാണ് مَّن شَرَحَ بِٱلْكُفْرِ صَدْرًا തുറന്ന മനസ്സോടെ സത്യനിഷേധം സ്വീകരിച്ചാൽ എന്നു പറഞ്ഞത്. 2002ലെ ഗുജറാത്തു കലാപത്തിലും അതിനു മുമ്പ് ഗുജറാത്തിലുണ്ടായ ഭൂകമ്പത്തിനിരയായവർക്കുവേണ്ടി നടത്തപ്പെട്ട ദുരിതാശ്വാസ പ്രവർത്തനവും ഇവിടെ അനുസ്മരണീയമാകുന്നു. കലാപകാലത്ത് വർഗീയ ഭ്രാന്തന്മാരുടെ കരവാളിൽനിന്ന് കഴുത്തു രക്ഷിക്കാൻ ചില മുസ്‌ലിംകൾ നെറ്റിയിൽ കുറിതൊട്ട് ജയ് ശ്രീറാം വിളിക്കുകയുണ്ടായി. ഭൂകമ്പബാധിതർക്ക് ദുരിതാശ്വാസം വിതരണം ചെയ്യുന്നിടത്തും വർഗീയ വാദികൾ മുസ്‌ലിംകളെക്കൊണ്ട് ജയ് ശ്രീറാം വിളിപ്പിച്ചതായി റിപ്പോർട്ടുകളുണ്ടായിരുന്നു.

ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലമായി അനേകം നിവേദനങ്ങൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അവയുടെ ചുരുക്കം ഇതാണ്: മക്കയിലെ മുസ്‌ലിംകളെ ഖുറൈശികൾ ഭയങ്കരമായി മർദിക്കാറുണ്ടായിരുന്നു. ബിലാൽ, യാസിർ, അമ്മാർ, സുമയ്യ, ഖബ്ബാബ് തുടങ്ങിയ ദുർബലരായിരുന്നു കൂടുതൽ മർദനമേൽക്കേണ്ടി വന്നിരുന്നത്. പ്രവാചകനെ നിന്ദിക്കണമെന്നും ഇസ്‌ലാമിൽനിന്നു പിന്മാറണമെന്നും തങ്ങളുടെ ദൈവങ്ങളെ ആരാധിക്കാൻ തയാറാകണമെന്നുമാ

യിരുന്നു അവരുടെ ആവശ്യം. ബിലാലിനെ ചുട്ടുപഴുത്ത മണലിൽ കിടത്തി മാറിൽ കല്ല് കയറ്റി വെച്ചു. ചൂടാക്കിയ ലോഹപ്പടയങ്കി ധരിപ്പിച്ച് വെയിലത്തു നിർത്തി. ചാട്ടവാറുകൊണ്ടടിച്ചു. അപ്പോഴൊക്കെ അദ്ദേഹം ഏകദൈവം, ഏകദൈവം(അഹദ്, അഹദ്) എന്ന് പതറാതെ ആവർത്തിച്ചു. ഖബ്ബാബും പീഡനത്തിനുവഴങ്ങിയില്ല. യാസിറിനെയും അദ്ദേഹത്തിന്റെ ഭാര്യ സുമയ്യ(റ)യെയും മർദിച്ചു കൊന്നു. അമ്മാറാകട്ടെ, ഖുറൈശികൾ ആവശ്യപ്പെട്ട പ്രകാരം സത്യനിഷേധത്തിന്റെ വചനങ്ങൾ പറയുകയും പ്രവാചകനെ നിന്ദിച്ചു സംസാരിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം രക്ഷപ്പെട്ടു. പിന്നീടദ്ദേഹം പ്രവാചകന്റെ അടുത്തു വന്നു കരയാൻ തുടങ്ങി. തിരുമേനി കാര്യം തിരക്കിയപ്പോൾ അമ്മാർ പറഞ്ഞു: അവരുടെ മർദനത്തിൽനിന്ന് രക്ഷപ്പെടാൻ എനിക്ക് അങ്ങയെ നിന്ദിക്കേണ്ടതായും വിഗ്രഹങ്ങളെ സ്തുതിക്കേണ്ടതായും വന്നുവല്ലോ! പ്രവാചകൻ ചോദിച്ചു: "അങ്ങനെ ചെയ്യുമ്പോൾ നിങ്ങളുടെ മനസ്സ് എങ്ങനെയായിരുന്നു?" അദ്ദേഹം: "അത് ഈമാനിൽ ഉറച്ചതായിരുന്നു. مُطْمَئِنٌّ بِالْإِيمَانِ പ്രവാചകൻ പറഞ്ഞു: അവർ മർദനം ആവർത്തിക്കുകയാണെങ്കിൽ നിങ്ങൾ ഈ തന്ത്രവും ആവർത്തിച്ചുകൊള്ളുക."

ഹസൻ(റ) പ്രസ്താവിച്ചതായി ഇബ്നു അബീശൈബ ഉദ്ധരിക്കുന്നു: വ്യാജപ്രവാചകനായി രംഗപ്രവേശം ചെയ്ത മുസൈലിമയുടെ ചാരന്മാർ രണ്ടു മുസ്ലിംകളെ പിടിച്ചുകൊണ്ടുപോയി. മുസൈലിമ അവരിൽ ഒരാളോട് ചോദിച്ചു: മുഹമ്മദ് ദൈവദൂതനാണെന്ന് നീ വിശ്വസിക്കുന്നുവോ?" അയാൾ: "അതെ" മുസൈലിമ: "ഞാൻ ദൈവദൂതനാണെന്നു വിശ്വസിക്കുന്നുവോ? അതുകേട്ടപ്പോൾ അദ്ദേഹം തന്റെ ചെവിക്കുനേരെ ചൂണ്ടിക്കൊണ്ട് താൻ ബധിരനാണെന്നു പറഞ്ഞു. മുസൈലിമ അയാളെ കൊല്ലാൻ കൽപിച്ചു. രണ്ടാമനോടു മുസൈലിമ ചോദിച്ചു: മുഹമ്മദ് ദൈവദൂതനാണെന്നു വിശ്വസിക്കുന്നുവോ? അദ്ദേഹം: "അതെ." മുസൈലിമ: "ഞാൻ ദൈവദൂതനാണെന്നു വിശ്വസിക്കുന്നുവോ." അയാൾ: "അതെ." ഇതുകേട്ട് മുസൈലിമ അയാളെ വിട്ടയച്ചു. ഇദ്ദേഹം പ്രവാചകന്റെ അടുത്ത് തിരിച്ചെത്തി സംഭവം കേൾപ്പിച്ചപ്പോൾ തിരുമേനി പറഞ്ഞു:

فاما صاحبك فمضى على ايمانه واما انت فأُخذْتَ بالرّخصة "നിങ്ങളുടെ സുഹൃത്ത് അദ്ദേഹത്തിന്റെ ഈമാനിൽ ഉറച്ചു തന്നെ കടന്നുപോയി. നിങ്ങളാവട്ടെ ഇളവുകൊണ്ട് സ്വീകരിക്കപ്പെട്ടു."

ഈ സംഭവം സംബന്ധിച്ചു വന്ന ഒരു നിവേദനത്തിൽ നബി(സ) പ്രസ്താവിച്ചത് ഇപ്രകാരമാണ്: രണ്ടാമൻ അല്ലാഹു നൽകിയ ഇളവ് സ്വീകരിച്ചു. ഒന്നാമനോ, സത്യം സുധീരം ഉച്ചൈസ്തരം പ്രഖ്യാപിച്ചു. അദ്ദേഹത്തിനാശംസകൾ!! (ഇബ്നു കസീർ, ഖുർതുബി)

ഈ സൂക്തത്തെ ആധാരമാക്കി കർമശാസ്ത്രകാരന്മാർ നിർധാരണം ചെയ്ത നിയമങ്ങൾ താഴെ സംഗ്രഹിക്കുന്നു. 1) ആത്മരക്ഷാർഥം കാഫിറായി ചമയുന്നത് അനുവദനീയമാണെങ്കിലും സത്യം തുറന്നു പറഞ്ഞ് രക്തസാക്ഷിത്വം വരിക്കുന്നതാണ് കൂടുതൽ മഹത്തരമായിട്ടുള്ളത്. 2) ശരീഅത്തിന്റെ മൂലം ഈമാനാണല്ലോ. നിർബന്ധിതാവസ്ഥയിൽ അതു നിഷേധിക്കാൻ അല്ലാഹു അനുവാദം നൽകിയിരിക്കുന്നുവെന്നത് ശരീഅത്തിന്റെ ഏതെങ്കിലും ശാഖയെ നിഷേധിക്കുന്നതിനെയും അനുവദനീയമാക്കുന്നു. ബലാൽക്കാരം നിർബന്ധിക്കപ്പെട്ടവനായി ഒരാൾ ഒരു ശറഇ നിയമം ലംഘിക്കുകയോ നിഷേധിക്കുകയോ ചെയ്താൽ അയാൾ ശിക്ഷാർഹനാകുന്നില്ല. മതപരിത്യാഗിയുടെ മറ്റു നിയമങ്ങളും അയാൾക്കു ബാധകമല്ല. 3) ഇമാം ഖുർതുബി പറയുന്നു: ബലാൽക്കാരത്തിനു വിധേയനായവൻ മനസ്സിൽ ഈമാൻ നിലനിർത്തിക്കൊണ്ട് ആത്മരക്ഷാർഥം പ്രത്യക്ഷത്തിൽ കുഫ്റ് സ്വീകരിച്ചാൽ കുറ്റക്കാരനാവുകയില്ല. അയാളുടെ ഭാര്യ അയാളിൽനിന്ന് വേർപെടുകയുമില്ല. കുഫ്റിന്റെ യാതൊരു വിധിയും അയാൾക്കുണ്ടാവില്ല. മാലികി-ശാഫിഈ മദ്ഹബുകളുടെയും മുഹമ്മദു ബിൻ ഹസൻ ഒഴിച്ചുള്ള ഹനഫികളുടെയും നിലപാടിതാണ്. എന്നാൽ മുഹമ്മദ് ബിൻ ഹസൻ പ്രസ്താവിച്ചു: ബഹുദൈവവിശ്വാസം പരസ്യപ്പെടുത്തിയാൽ പ്രത്യക്ഷത്തിൽ അയാൾ മുർതദ്ദ്(മതപരിത്യാഗി) ആയിരിക്കുന്നു. അയാളും അല്ലാഹുവും തമ്മിലുള്ള ബന്ധം ഇസ്ലാം അനുസരിച്ചായിരിക്കും. അയാളുടെ ഭാര്യ അയാളിൽനിന്നു വേർപെടും. മരിച്ചാൽ അയാൾക്കുവേണ്ടി നമസ്കരിക്കേണ്ടതില്ല. മാതാപിതാക്കൾ മരിച്ചാൽ അയാൾ ദായധനാവകാശിയാവില്ല. ഖുർആനും സുന്നത്തും തള്ളിക്കളയുന്നതാണീ അഭിപ്രായം. الامن أكره- ബലാൽക്കാരം ചെയ്യപ്പെട്ടവനൊഴിച്ച് എന്ന ഖുർആൻ വാക്യത്തിനു വിപരീതവുമാണിത്.

4) ബലാൽക്കാരത്തിനു വിധേയനായി ചെയ്യുന്ന വിവാഹവും വിവാഹമോചനവും അസാധുവാണെന്നാണ് ഫുഖഹാക്കളുടെ പൊതുനിലപാട്. ഈ സൂക്തത്തിനു പുറമെ നബി(സ) പ്രസ്താവിച്ചതായി ത്വബ്റാനി ഉദ്ധരിച്ച ഈ വചനവും അവരുടെ തെളിവാകുന്നു "പിശകും വിസ്മൃതിയും ബലാൽക്കാരത്തിന് വിധേയമാക്കപ്പെട്ടതും എന്റെ സമുദായത്തിൽനിന്ന് ഉയർത്തപ്പെട്ടിരിക്കുന്നു." എന്നാൽ ബലാൽക്കാരത്തിനു വിധേയനായുള്ള വിവാഹവും വിവാഹമോചനവും സാധുവാകുമെന്നാണ് ഹനഫീ വീക്ഷണം. ബലാൽക്കാരം മൂലം വിലക്കപ്പെടുന്നത് തൃപ്തി رضى യാണെന്നും വിവാഹത്തിന്റെയും വിവാഹമോചനത്തിന്റെയും സാധുത സ്വാതന്ത്ര്യത്തെ(اختيار) യാണ് ആശ്രയിച്ചിരിക്കുന്നത് എന്നുമാണവരുടെ വാദം. തീരെ ബാലിശമാണീ ന്യായം. ഒരാളുടെ رضى തൃപ്തി അല്ലെങ്കിൽ ഇഷ്ടം നിഷേധിക്കപ്പെട്ടാൽ പിന്നെന്തു സ്വാതന്ത്ര്യം?

5) ബലാൽക്കാരം ഉള്ള കച്ചവടത്തിന് രണ്ട് അവസ്ഥയുണ്ട്. ഒന്ന്, അവധിയെത്തിയ കടം വീട്ടുക, ഭാര്യക്കും മക്കൾക്കും ജീവനാംശം നൽകുക തുടങ്ങി ഒരാളുടെ നിർബന്ധ ബാധ്യത വീട്ടുന്നതിനുവേണ്ടി ബലാൽക്കാരം വിൽപന നടത്തിക്കുക. ഇതു അനുവദനീയവും സാധുവുമാകുന്നു. രണ്ട്, മേൽപറഞ്ഞ തരത്തിലുള്ള ന്യായമായ കാരണങ്ങളില്ലാതെ അന്യായമായും അക്രമപരമായും ഒരാളെ അയാളുടെ മുതൽ വിൽക്കാൻ നിർബന്ധിക്കുക. അത്തരം ബലാൽക്കാരം നിഷിദ്ധവും അങ്ങനെ നടക്കുന്ന കച്ചവടം അസാധുവുമാകുന്നു.

6) ബലാൽക്കാരത്തിന് മൂന്നു പടികളുണ്ട്. ഒന്ന്, ബലാൽക്കാരത്തിന് വഴങ്ങേണ്ട നിർബന്ധമായ പടി. മദ്യപാനത്തിനോ നിഷിദ്ധഭോജ്യം ഭക്ഷിക്കാനോ നിർബന്ധിക്കപ്പെട്ടവൻ അനുസരിച്ചില്ലെങ്കിൽ ജീവഹാനിയുണ്ടാകുമെന്നു കണ്ടാൽ വഴങ്ങേണ്ടതു നിർബന്ധമാകുന്നു. കാരണം ആത്മ

രക്ഷ നിർബന്ധ ബാധ്യതയാകുന്നു. അല്ലാഹു കൽപിച്ചു: وَلَا تُلْقُوا۟ بِأَيْدِيكُمْ إِلَى ٱلتَّهْلُكَةِ നിങ്ങൾ സ്വകരങ്ങൾ കൊണ്ട് നാശത്തിലെറിഞ്ഞുകൂടാ (2:195). രണ്ട്, നിർബന്ധിക്കപ്പെട്ടവൻ വഴങ്ങുകയോ വഴങ്ങാതിരിക്കുകയോ ചെയ്യാവുന്ന ബലാൽക്കാരം. ദൈവനിഷേധ വചനങ്ങൾ പറയാനുള്ള ബലാൽക്കാരം ഇതിനുദാഹരണമാകുന്നു. മൂന്ന്, വഴങ്ങുന്നത് നിഷിദ്ധമായ ബലാൽക്കാരം. ഒരു നിരപരാധിയെ വധിക്കാനോ, അംഗഛേദം ചെയ്യാനോ ഉള്ള ബലാൽക്കാരം ഇതിനുദാഹരണമാകുന്നു. എന്നാൽ പ്രതിക്രിയ ഇതിൽനിന്നൊഴിവാകുന്നു.

ഇമാം ഖുർതുബി പ്രസ്താവിച്ചു: ഒരുവൻ മറ്റൊരാളെ വധിക്കാൻ നിർബന്ധിക്കപ്പെട്ടാൽ അതിനു തയാറായിക്കൂടാ. മാനഹാനി വരുത്താൻ നിർബന്ധിക്കപ്പെട്ടാലും വഴങ്ങിക്കൂടാ. അതുമൂലം നേരിടേണ്ടി വരുന്ന പീഡനങ്ങൾ സഹിക്കുകയാണ് വേണ്ടത്. ആത്മരക്ഷാർഥം മറ്റൊരാളെ തെണ്ടം(فدية) നൽകാൻ അയാൾക്കനുവാദമില്ല. അല്ലാഹുവിങ്കൽനിന്നാണ് അയാൾ ഇഹ–പര ക്ഷേമം തേടേണ്ടത് (തഫ്സീർ ഖുർതുബി വാ. 10, പേ. 173).

7) ബലാൽക്കാരത്തിനു വിധേയരായി അവിഹിത വേഴ്ചയിലേർപ്പെടേണ്ടി വന്ന സ്ത്രീയും പുരുഷനും ശിക്ഷാർഹരല്ല.

8) ബലാൽസംഗത്തിനിരയായ സ്ത്രീക്ക് മഹ്റ് (വിവാഹമൂല്യം) കൊടുക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ രണ്ടഭിപ്രായമുണ്ട്. അവൾക്ക് ന്യായമായ മഹ്ർ നൽകേണ്ടതുണ്ടെന്നാണ് മാലിക്കി–ശാഫിഈ–ഹമ്പലി മദ്ഹബുകളുടെ നിലപാട്. ബലാൽസംഗം ചെയ്തവനിൽ ശിക്ഷ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ മഹ്റ് കൊടുക്കേണ്ടതില്ലെന്ന് ഹനഫികളും ഇമാം സൗരിയും അഭിപ്രായപ്പെട്ടിരിക്കുന്നു.

9) ബലാൽക്കാരത്തിനു വിധേയനായി ചെയ്യുന്ന പ്രതിജ്ഞ അസാധുവാണെന്ന് ഇമാം മാലിക്ക്, ശാഫിഈ, അബൂസൗർ എന്നിവരുൾപ്പെടെയുള്ള ഭൂരിപക്ഷം ഫുഖഹാക്കൾ പറയുന്നു. കാരണം അയാളുടെ വിചാരം വാക്കിനെതിരാണ്.

10) അക്രമികളുടെ പിടിയിൽ പെട്ട ഒരാൾ ഒരു സത്യം ചെയ്യാൻ നിർബന്ധിക്കപ്പെടുകയും അതു ചെയ്തില്ലെങ്കിൽ വമ്പിച്ച ധനനഷ്ടമുണ്ടാകുമെന്ന് കാണുകയും ചെയ്തതിനാൽ ചെയ്യുന്ന സത്യത്തെക്കുറിച്ച് ഇമാം മാലിക്ക് പറയുന്നത് അയാൾ ആ സത്യത്തിനുത്തരവാദിയാകുന്നു എന്നാണ്. കാരണം ജീവൻ രക്ഷിക്കാനേ നിർബന്ധിത സത്യത്തെ അവലംബിക്കാവൂ. ധന രക്ഷക്കുവേണ്ടി അവലംബിച്ചുകൂടാ. അത്തരം സന്ദർഭങ്ങളിൽ സത്യം ചെയ്ത് ധനം രക്ഷിക്കുന്നതിലും തെറ്റില്ലെന്നാണ് ഇബ്നുൽ മാജിശൂനിനെപ്പോലുള്ള പണ്ഡിതർ പറഞ്ഞിട്ടുള്ളത്.

11) ബലപ്രയോഗക്കേസിലെ പ്രതി താക്കീത്, ഭീഷണി, പ്രഹരം, തടവ് പോലുള്ള ശിക്ഷകൾ അർഹിക്കുന്നുവെന്നും ഇമാം മാലിക്ക്, ശാഫിഈ, അഹ്മദ്, അബൂസൗർ എന്നിവരുൾപ്പെടെയുള്ള ഭൂരിപക്ഷം പണ്ഡിതന്മാർ പ്രസ്താവിച്ചിരിക്കുന്നു. കേസിന്റെ സ്വഭാവവും സാഹചര്യവും പരിഗണിച്ച് ന്യായാധിപന്മാർക്ക് വിവേചനാധികാരമുപയോഗിച്ച് ശിക്ഷ തീരുമാനിക്കാം.

**107.** പ്രയാസങ്ങൾ നേരിടേണ്ടതായും ഭൗതിക താൽപര്യങ്ങൾ ബലികഴിക്കേണ്ടതായും വരുമ്പോൾ ചിലയാളുകൾ അല്ലാഹുവിൽനിന്നും റസൂലിൽനിന്നും പിന്മാറുന്നതിന്റെയും അതുമൂലം അല്ലാഹു അവരോടു കോപിക്കുന്നതിന്റെയും കാരണം വ്യക്തമാക്കുകയാണ്. പാരത്രിക ജീവിതത്തെക്കാൾ ഭൗതിക ജീവിതത്തിന്റെ നേട്ടങ്ങൾ തെരഞ്ഞെടുത്തിരിക്കുകയാണവർ. ഭൗതിക ജീവിതത്തിലെ ചില്ലറ ബുദ്ധിമുട്ടുകളെ അല്ലാഹുവിന്റെ ശിക്ഷയെക്കാൾ വലുതായി പരിഗണിച്ചുകൊണ്ട് ദൈവധിക്കാരത്തിന് സ്വയം ഏൽപിച്ചുകൊടുത്തു. അല്ലാഹു അവർക്ക് സന്മാർഗ കവാടം തുറന്നു കൊടുത്തത് എന്നും അവരുടെ ലക്ഷ്യം സന്മാർഗം തന്നെ ആയിരിക്കാനാണ്. പക്ഷേ, അവർക്ക് ആ മാർഗത്തിൽ ചരിക്കാനായില്ല. പ്രതിബന്ധങ്ങളിൽ പരിഭ്രാന്തരായി പൈശാചിക മാർഗങ്ങളിൽ അഭയം തേടി.

പരലോക വിജയത്തിനു പകരമായി സ്വന്തം ശരീരവും സമ്പത്തുമെല്ലാം അല്ലാഹുവിനു വിൽപന നടത്തിയവരാണ് സത്യവിശ്വാസികൾ. തങ്ങൾ വിറ്റ ജീവിതം സമ്പൂർണമായി അല്ലാഹുവിനു സമർപ്പിച്ചവരാണ് മുസ്‌ലിംകൾ. വിറ്റു കൈമാറിയ വസ്തു, മറ്റെന്തെങ്കിലും ക്ഷുദ്രലാഭം മോഹിച്ച് തിരിച്ചെടുത്തുകൊണ്ടുപോകുന്ന വിൽപനക്കാരൻ എത്ര നികൃഷ്ടനായ വഞ്ചകനാണ്! അത്തരം വിൽപനക്കാരനോട് അയാളുടെ ഇടപാടുകാരനുണ്ടാകുന്ന കോപം എത്ര ഗുരുതരമായിരിക്കും! സ്വാർഥ ലാഭങ്ങൾക്കുവേണ്ടി ബോധപൂർവം സത്യം നിഷേധിക്കുന്നവരാണവർ. അത്തരക്കാരെ രക്ഷാമാർഗത്തിലേക്കു നയിക്കുക അല്ലാഹുവിന്റെ ചര്യയല്ല.

**108,109:** സത്യവിശ്വാസത്തിന്റെ വെളിച്ചം ഉൾക്കൊണ്ട ശേഷം അതിനുനേരെ മനപൂർവം കണ്ണടക്കുന്നവരുടെ മനസ്സും കാതും കണ്ണും അല്ലാഹു അടച്ചു പൂട്ടിയിരിക്കും. എന്നുവെച്ചാൽ അവർക്കു പിന്നെ യാതൊന്നും ചിന്തിക്കാനോ കേൾക്കാനോ കാണാനോ കഴിയില്ല എന്നല്ല. സത്യത്തിനും സന്മാർഗത്തിനും നേരെയാണ് അവരുടെ ചിന്താശേഷിയും കേൾവിയും കാഴ്ചയും അടച്ചു പൂട്ടുന്നത്. ആ വിഷയത്തിൽ ചിന്തിക്കേണ്ട കാര്യങ്ങൾ ചിന്തിക്കേണ്ട രീതിയിൽ അവർ ചിന്തിക്കുകയില്ല. കേൾക്കേണ്ടതു കേൾക്കുകയോ കാണേണ്ടതു കാണേണ്ടവിധം കാണുകയോ ഇല്ല. സദ്‌വിചാരങ്ങളെയും സത്യാന്വേഷണങ്ങളെയും അവരുടെ മനസ്സിന്റെ അധിപരായ ഭൗതിക മോഹങ്ങളും ജഢികാസക്തികളും ആട്ടിയകറ്റുന്നു. ആ മനസ്സിൽ അവിദ്യയും അന്ധവിശ്വാസങ്ങളും മാത്രം നിറഞ്ഞുനിൽക്കും. അതിനാൽ അവർക്ക് സന്മാർഗ ലബ്ധിക്കുതവിയുണ്ടാകുന്നില്ല.

ശേഷം പറയുന്നതിന്റെ ദൃഢീകരണാർഥം ഉപയോഗിക്കുന്ന വാക്കാണ് لَا جَرَمَ. സത്യമായും, ഉറപ്പായും, അനിവാര്യമായും തുടങ്ങിയ ആശയങ്ങളെ വഹിക്കുന്നു. ചില സന്ദർഭങ്ങളിൽ പ്രതിജ്ഞ ചെയ്യുന്നു എന്ന അർഥത്തിലും വരാം. സത്യവിശ്വാസം കൈക്കൊണ്ടശേഷം ഭൗതിക താൽപര്യങ്ങൾക്കുവേണ്ടി പാരത്രിക ജീവിതത്തെ അവഗണിച്ചു തള്ളിക്കൊണ്ട് മനപൂർവം സത്യനിഷേധത്തിലേക്ക് മടങ്ങുന്നതിന്റെ അനിവാര്യവും അനിഷേധ്യവുമായ ഫലം പരലോകത്ത് മഹാനഷ്ടത്തിലകപ്പെടുക തന്നെയാകുന്നു എന്നാണ് ഇവിടെ ഉദ്ദേശ്യം. ഭൗതിക ലോകത്ത് അവർക്ക് ലഭിച്ചിരുന്ന നേട്ടങ്ങളൊന്നും യഥാർഥത്തിൽ നേട്ടങ്ങളായിരുന്നില്ല; പ്രത്യുത പരലോകത്തെ മഹാനഷ്ടത്തിലേക്കുള്ള പോഷണങ്ങൾ മാത്രമായിരുന്നുവെന്ന് അവിടെ അവർക്ക് മനസ്സിലാകും. ■